**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3605** **05-08-2021 - ൽ മറുപടിയ്ക്ക്**

**ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ചെറുകിട ജല വൈദ്യുത പദ്ധതികൾ ആയ ആനക്കയം (7.5 MW) ഒളിക്കൽ (5MW), പൂവാരം തോട് (3MW), മാരിപ്പുഴ (6MW) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. നിലവിലെ ജലാശയത്തിലെ സംഭരണശേഷി ഉപയോഗപ്പെടുത്തി വൈകുന്നേരങ്ങളിലെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പദ്ധതി പ്രയോജനകരമാകും. അപ്പർ ചെങ്കുളം, (24MW), ലാഡ്രം (3.5MW), ചെമ്പുകടവ് III (7.5MW), മാങ്കുളം (40 MW), പീച്ചാട് (3 MW) വെസ്റ്റേൺ കല്ലാർ, (5 MW) വളാംതോട്(7.5MW), കീരിത്തോട് (12 MW) പഴുക്കടവ് (4 MW), ചാത്തൻകോട്ട് നട I (5 MW) മാർമ്മല (7 MW) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പരിഗണനയിലാണ്. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിന് ശേഷം ഇടത്തനാല്ക്കത്ത് (0.5 MW), മുള്ളരിങ്ങാട് (0.15 MW), ബാലന്തോട് (0.25 MW), മന്തന്പൊട്ടി (3 MW), പഴക്കക്കാനം (2 MW) പദ്ധതികളുമായി മുന്നോട്ട് പോകാൻ |

| | | | |
|---|---|---|---|
| | | | സാങ്കേതികമായും, സാമ്പത്തികമായും ബുദ്ധിമുട്ട് ഉണ്ടെന്ന് പദ്ധതി സംരംഭകർ ഇ.എം.സിയെ അറിയിച്ചിട്ടുണ്ട്. ബാക്കി വരുന്ന പദ്ധതികളുടെ സംരംഭകരിൽ ചിലർ കോവിഡ് 19 ലോക്ക് ഡൗൺ കാരണം സാമ്പത്തിക ഞെരുക്കത്തിലായതിനാൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുവാൻ കൂടുതൽ സമയം ചോദിച്ചിരിക്കുകയാണ്. ഈ സംരംഭകരുമായുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികളുമായി മുന്നോട്ട് പോകുന്നവരുടെ വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു. കൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിന് ശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |
| (ബി) | ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി പുനരാരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം എന്താണെന്നതിന്റെ വ്യക്തമായ മറുപടി നൽകുമോ? | (ബി) | ആതിരപ്പള്ളി പദ്ധതി (163 MW) സമവായത്തിലൂടെ മാത്രമേ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുള്ളു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം -1</u>**

| നമ്പർ | SHP പ്രോജക്റ്റ് | ജില്ല | സ്ഥാപിത ശേഷി | കമ്പനി | അനുവദിച്ച വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | ആറ്റലെ I | പാലക്കാട് | 6.00 | ശ്രീ ടി കെ സുന്ദരേശൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 2 | ആറ്റലെ II | പാലക്കാട് | 6.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 3 | ചെറുപുഴ മിനി HEP | മലപ്പുറം | 0.6 | ശ്രീ പി.റ്റി മാത്യു | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 4 | ഫർലോങ്ങ്കര | കണ്ണൂർ | 0.35 | ആനപ്പുറം സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 5 | കക്കടാംപോയിൽ II | കോഴിക്കോട് | 11.00 | കൊച്ചിൻ ഇന്റര് നാഷണൽ എയര് പോര്ട്ട് ലിമിറ്റഡ്, കൊച്ചിന് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 6 | കാങ്ങപ്പുഴ | ഇടുക്കി | 0.75 | ശ്രീ. വൈ.സ്ലീബാച്ചൻ | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 7 | കാഞ്ഞിരപ്പുഴ | പാലക്കാട് | 1.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 8 | കിള്ളിക്കല്ല് | കോഴിക്കോട് | 3.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 9 | കുളിരാമുട്ടി | കോഴിക്കോട് | 3.00 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 10 | ഓനിപ്പുഴ | കോഴിക്കോട് | 1.5 | ആനപ്പുറം സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 11 | പേരുവ | കണ്ണൂർ | 2.00 | ആനപ്പാറ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 12 | പൊട്ടൻതോട് – I | കണ്ണൂർ | 0.8 | ശ്രീ പി.റ്റി മാത്യു | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 13 | തിപ്പിലിക്കയം | പാലക്കാട് | 1.5 | ശ്രീ പി.റ്റി മാത്യു | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 14 | ഉരുട്ടിപ്പുഴ | കണ്ണൂർ | 1.00 | ആനപ്പാറ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |
| 15 | വാലന് തോട് – II | മലപ്പുറം | 3.00 | കെ വി എം എനർജി പ്രൈവറ്റ് ലിമിറ്റഡ് | 2016 | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നു |

സെക്ഷൻ ഓഫീസർ